മാവേലിക്കരയിൽ ഭവന നിർമ്മാണ വകുപ്പിന്റെ പ്രവൃത്തികൾ

146(2135) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഭവന നിർമ്മാണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഒന്നുംതന്നെയില്ല.

യുവസംരംഭകർക്ക് പ്രോത്സാഹനം

147(2136) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഇതിലൂടെ നടപ്പാക്കാൻ കഴിഞ്ഞ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ED Club) സർക്കാർ ഗ്രാന്റോടെ പ്രവർത്തിച്ചുവരുന്നു. സംരംഭകത്വ സഹായ പദ്ധതി (ESS) പി.എം.ഇ.ജി.പി. തുടങ്ങിയ പദ്ധതികളിലും യുവ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകിവരുന്നു. ബോധവത്കരണ ക്ലാസ്സുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവയും നടത്തിവരുന്നു. യുവ സംരംഭകർക്ക് നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിക്കായി 2014-15 ബഡ്ജറ്റ് വിഹിതത്തിൽ 500 ലക്ഷം രൂപ നീക്കിവച്ചിരുന്നു. യുവ സംരംഭകർക്ക് സഹായം നൽകുന്ന 'Seed fund to youth' എന്ന പദ്ധതിയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽനിന്നുള്ള വിദ്യാർത്ഥികളും അല്ലാതെയും ഏകദേശം നാലായിരത്തോളം യുവതി-യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ നടത്തുന്ന യുവ വ്യവസായ സംരംഭകർക്ക് സംരംഭകത്വ സഹായ പദ്ധതിയിലൂടെ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സബ്സിഡിയായി നൽകിവരുന്നു. സഹായം നൽകുന്ന പരമാവധി തുക 30 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമെ അധിക ധനസഹായമായി മുതൽ മുടക്കിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപവരെ നൽകിവരുന്നു.

ഇതുകൂടാതെ കെ.എസ്.ഐ.ഡി.സി. യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. രണ്ടാംഘട്ടത്തിൽ ലഭ്യമായ 18 പദ്ധതികളുടെ സൂക്ഷ്മ പരിശോധന പുരോഗമിച്ചുവരുന്നു.

വിദ്യാർത്ഥികളിൽ സംരംഭകത്വ ആശയം വളർത്തുന്നതിന്റെ ഭാഗമായി എരുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സെന്ററും കൊല്ലം ടി.കെ.എം. കോളേജ്, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിൽ ഇൻകുബേഷൻ സെന്ററും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. എറണാകുളം ജില്ലയിലെ രാജഗിരി ബിസിനസ് സ്കൂൾ, എസ്.സി.എം.എസ്. കോളേജ്, മോഡൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങി സംസ്ഥാനത്ത് ഒട്ടാകെയുള്ള വിവിധ കോളേജുകളിൽ സംരംഭകത്വ വികസന സെമിനാറുകളും ശില്പശാലകളും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.